WRITTEN ANSWERS

വില്ലേജ് റോഡുകൾ

*൯൩൩ (൩൭൭) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രി സദയം മറുപടി പറയുമോ?

(എ) ജനങ്ങൾ വെട്ടിയിട്ടുള്ള വില്ലേജ് റോഡുകളെ ഗവണ്മെന്റ് ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചുള്ള നടപടികൾക്കായി ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ?

(ബി) 'എ' ക്ക് ഉത്തരം 'ഉവ്വ്' എന്നാണെങ്കിൽ ആ ഉദ്യോഗസ്ഥൻ എന്നുമുതൽ ജോലി തുടങ്ങി?

(സി) ഒരാണ്ടിനകം എത്തെല്ലാം റോഡുകൾ ഗവണ്മെന്റ് സംരക്ഷണത്തിലാക്കണമെന്ന് തീരുമാനിച്ചുകഴിഞ്ഞുവോ?

(ഡി) ഒരാണ്ടിൽ ഇതു സംബന്ധിച്ച് ഓരോ താലൂക്കിലേക്കും ശരാശരി എത്ര രൂപാവീതം ചെലവാക്കാമെന്നാണ് ഉദ്ദേശം?

പൊതുമരാമത്തും, ഗതാഗതവും കൃഷിയും വകുപ്പ് മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്) :

(എ) ഉണ്ട്.

(ബി) ഫെബ്രുവരി 1 മുതൽ.

(സി) ഇല്ല.

(ഡി) ഇതിനെപ്പറ്റി തീരുമാനമൊന്നും എടുത്തു കഴിഞ്ഞിട്ടില്ല. ഒരു പ്രത്യേക വില്ലേജ് റോഡ് ഡെവലപ്പ്മെൻറ് ഫണ്ട് ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗവണ്മെന്റ് ആലോചിച്ചുവരുന്നു.

കൃഷി

*൯൩൯ (൩൮൯) ശ്രീ. എ. എൽ. ജേക്കബ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പതിവായി നെൽകൃഷി ചെയ്തു വന്നിരുന്ന സ്ഥലങ്ങളിൽ ഇപ്പോൾ മരച്ചീനിയും മറ്റും കൃഷിചെയ്തു ഭക്ഷ്യധാന്യവർദ്ധനവിനെ വിഘാതപ്പെടുത്തുന്നതായി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനെ തടയുന്നതിനായി ഗവണ്മെന്റ് എന്തു നടപടി നടത്തിവരുന്നു?

പൊതുമരാമത്തും, ഗതാഗതവും കൃഷിയും വകുപ്പ് മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്) :

(എ) ഇല്ല.

(ബി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ബസ്സുകളുടെ മത്സരയോട്ടം

*൯൪൨ (൭൦) ശ്രീ. എ. എൽ. ജേക്കബ് : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പ് മന്ത്രി സദയം മറുപടി പറയുമോ?

എറണാകുളം മട്ടാഞ്ചേരി ടൗൺ സർവ്വീസ് ബസ്സുകൾ തമ്മിൽ അപകടകരമാംവണ്ണം മത്സരിച്ച് ഓടിക്കുക സർവ്വസാധാരണമായിത്തീർന്നിട്ടുള്ളതു തടയുവാൻ ഗവണ്മെന്റ് എന്തു നടപടിയാണ് ഇതുവരെ എടുത്തിട്ടുള്ളതു?

LIBRARY ARCHIVES Kerala Legislative Assembly